**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 116** **23-01-2025 - ൽ മറുപടിയ്ക്ക്**

**പന്തീരാങ്കാവ് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് സിറ്റി പരിധിയിൽ പ്രവർത്തിച്ചുവരുന്ന പന്തീരാങ്കാവ് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ സ്ഥലം സൗജന്യമായി ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയത് ഏറ്റെടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | സംസ്ഥാന പ്ലാൻ പദ്ധതി 2021-2022-ൽ ഉൾപ്പെടുത്തി 610 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുകയിൽ പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 22.06.2021-ലെ സ.ഉ. (സാധാ) നം. 1733/2021/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br>പന്തീരാങ്കാവ് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പന്തീരങ്കാവ് എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള കോഴിക്കോട് താലൂക്ക്, കൊടൽ അംശം, കൈലമഠം ദേശത്ത് റീസർവ്വേ നമ്പർ 50/2A ൽ പെട്ട ഭൂമിയിൽ നിന്നും 20 സെന്റ് ഭൂമി സൗജന്യമായി സർക്കാരിന് നൽകുന്നതിന് സമ്മതം അറിയിച്ചിരുന്നു. ആയതിലേക്കായി ഭൂമി വിട്ടൊഴിയൽ ചട്ടം 1963 പ്രകാരം, ഭൂവുടമകൾ ആർ.ഡി.ഒ മുമ്പാകെ അപേക്ഷ സമർപ്പിച്ച് ഭൂമി വിട്ടൊഴിഞ്ഞ് സർക്കാർ പുറമ്പോക്ക് ഭൂമി ആക്കി മാറ്റേണ്ടതുണ്ട്. ഇക്കാര്യത്തിൽ കോഴിക്കോട് ജില്ലാ കളക്ടർക്ക് ആവശ്യമായ നിർദേശം നൽകിയിട്ടുള്ളതും സർക്കാർ അനുമതി ആവശ്യമുള്ള പക്ഷം പ്രൊപ്പോസൽ സമർപ്പിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ